"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ് - പോലീസ് വകുപ്പ് - കൊല്ലം സിറ്റിയിലെ സെൻട്രൽ കസ്റ്റോഡിയൽ ഫെസിലിറ്റേഷൻ സെന്റർ കെട്ടിടത്തിന്റെ ഉദ്ഘാടന ചെലവിനായി തുക അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.719/2025/HOME    തീയതി,തിരുവനന്തപുരം, 06-03-2025

---

പരാമർശം:- 1) സംസ്ഥാന പോലീസ് മേധാവിയുടെ 11.02.2025 ലെ എച്ച്12-25991/2025/പി.എച്ച്.ക്യൂ നമ്പർ കത്ത്.

2) 28.02.2025 ലെ സ.ഉ. (സാധാ) നം.1899/2025/ധന നമ്പർ ഉത്തരവ്.

**ഉത്തരവ്**

കൊല്ലം സിറ്റിയിലെ സെൻട്രൽ കസ്റ്റോഡിയൽ ഫെസിലിറ്റേഷൻ സെന്റർ കെട്ടിടത്തിന്റെ ഉദ്ഘാടന ചെലവിനായി 51,000/- രൂപ 2055-00-109-99-00-34-OC എന്ന ശീർഷകത്തിൽ അനുവദിച്ച് നൽകണമെന്നു സംസ്ഥാന പോലീസ് മേധാവി പരാമർശിത കത്തു പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സംസ്ഥാന പോലീസ് മേധാവി ലഭ്യമാക്കിയ കത്തിലെ വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ, കൊല്ലം സിറ്റിയിലെ സെൻട്രൽ കസ്റ്റോഡിയൽ ഫെസിലിറ്റേഷൻ സെന്റർ കെട്ടിടത്തിന്റെ ഉദ്ഘാടന ചെലവിനായി 51,000/- രൂപ (അമ്പത്തിയൊന്നായിരം രൂപ മാത്രം) 2055-00-109-99-00-34-OC എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

3) പ്രസ്തുത ആവശ്യത്തിലേയ്ക്കായി 2055-00-109-99-00-34-OC എന്ന ശീർഷകത്തിൽ 51,000/- രൂപ (അമ്പത്തിയൊന്നായിരം രൂപ മാത്രം) അധികധനാനുമതിയായി പരാമർശം (2)ലെ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുണ്ട്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അജികുമാർ ജി
അണ്ടർ സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്. (01.03.2025 ലെ വ്യയം-എ3/76/2025-ധന (3067120) പ്രകാരം)
ഡയറക്ടർ, ഐ&പി.ആർ.ഡി. (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Jalaja Kumari M S
Date: 06-03-2025 11:56:57
സെക്ഷൻ ഓഫീസർ